**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3829** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജൈവവൈവിധ്യ സംരക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | Shri. A. K. Saseendran (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൈവ വൈവിധ്യ സംരക്ഷണത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | നടപ്പിലാക്കി വരുന്നുണ്ട്. ജൈവവൈവിദ്ധ്യ സംരക്ഷണത്തിനായി BH: 2406-02-110-66-Conservation of Biodiversity (plan) എന്ന ശീർഷകത്തിലും, കേന്ദ്രാവിഷ്കൃത പദ്ധതിയായ Integrated Development of Wildlife Habitat (IDWH) എന്ന ശീർഷകത്തിലും വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നു. ജൈവവൈവിദ്ധ്യ സമ്പത്തിന്റെ സംരക്ഷണമാണ് Conservation of Biodiveristy എന്ന പദ്ധതിയുടെ പ്രധാന ലക്ഷ്യം. വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന വൃക്ഷലതാതികളുടെയും ജന്തു ജാലങ്ങളുടെയും സംരക്ഷണത്തിനുവേണ്ടി പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. Integrated Development of Wildlife Habitat (IDWH) പ്രധാനമായും കേരളത്തിലെ സംരക്ഷിത മേഖലകളുടെ വികസനവും സംരക്ഷണവുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷലതാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണത്തിന് വേണ്ടി എന്തെല്ലാം പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | വനമേഖലയ്ക്ക് പുറത്ത് ജൈവ വൈവിദ്ധ്യ സമ്പുഷ്ടവും വംശനാശം നേരിടുന്നതുമായ കണ്ടൽക്കാടുകളുടെയും കാവുകളുടെയും സംരക്ഷണവും പരിപാലനവും കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റിയിൽ (CBD) ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം [Integrated Development of Wildlife Habitat (IDWH)] എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി Recovery Programme in Nilgiri Tahr എന്ന ഘടകത്തിനു കീഴിൽ മൂന്നാർ, സൈലന്റ് വാലി എന്നിവിടങ്ങളിൽ വരയാടുകളുടെ സ്വാഭാവിക വാസസ്ഥലം മെച്ചപ്പെടുത്തൽ, അവയുടെ സംരക്ഷണത്തിനായി അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ഗവേഷണ പരിശീലന പരിപാടികൾ, കാട്ടുതീ തടയുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ ആരോഗ്യ പരിപാലനത്തിനും, രോഗങ്ങൾ തടയുന്നതിനുള്ള നടപടികൾ, ഡോക്യുമെന്ററി നിർമ്മാണം എന്നിവ നടപ്പാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ വന്യജീവികളുടെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം [Integrated Development of Wildlife Habitat (IDWH)] എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റൊരു ഘടകമായ Recovery Programme for Saving Critically Endangered Species - Vulture പ്രകാരം വയനാട് വന്യജീവി സങ്കേതത്തിൽ കഴുകന്റെ സംരക്ഷണത്തിനായി ഇവയുടെ വാസസ്ഥലം തിട്ടപ്പെടുത്തൽ, കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തികൾ, ഈ ജീവികളുടെ വേട്ട തടയുന്നതിനായി ക്യാമ്പ് ഷെഡുകളുടെയും മച്ചാനുകളുടെയും, വാച്ച് ടവറുകളുടെയും നിർമ്മാണം, ക്യാമറാ ട്രാപ്പുകൾ ഉപയോഗിച്ചുള്ള പ്രത്യേക നിരീക്ഷണം, ഡോക്യുമെന്ററി, ഫിലിം എന്നിവയുടെ നിർമ്മാണം, ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ചെയ്ത് വരുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രകൃതി മിത്ര അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഈ പദ്ധതിയുടെ ഭാഗമായി ജൈവ വൈവിദ്ധ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനം നടത്തുന്ന വ്യക്തികൾക്ക് / സ്ഥാപനങ്ങൾക്ക് ജില്ലാ അടിസ്ഥാനത്തിൽ എല്ലാ വർഷവും വനമിത്ര അവാർഡ് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ